Reg. No. : ....................................

Name : ........................................

**FY-862**

**IMPROVEMENT / SUPPLEMENTARY EXAMINATION, OCTOBER 2022**

Part – II

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

# മലയാളം

**(MALAYALAM)**

Maximum : 80 Scores

**(Hearing Impaired)**

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും ആറെണ്ണത്തിന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)** **(6 × 1 = 6)**

1. 'സന്ദർശനം' എന്ന കവിത രചിച്ചത് ആര് ?

(ബാലചന്ദ്രൻ ചുള്ളിക്കാട്, വൈലോപ്പിള്ളി, ചങ്ങമ്പുഴ, ടി.പി. രാജീവൻ)



P.T.O.

2. ‘ഓർമയുടെ ഞരമ്പ്’ എന്ന കഥയിലെ വൃദ്ധ എഴുതിയ മൂന്നാമത്തെ കഥ ഏത് ?

(ശസ്ത്രക്രിയ, അനുകമ്പ, ദുർമരണം, മോഹമഞ്ഞ്)

3. കടൽത്തിരയോട് ഒറ്റയ്ക്ക് പൊരുതി നിന്നതാരാണ് ?

(പരുന്ത്, നക്ഷത്രങ്ങൾ, തിമിംഗലം, മണൽത്തരിയോളമുള്ള മത്സ്യം)

4. വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയാവുന്ന മുപ്പൻ ആരാണ് ?

(ചെമ്പൻ, കുമാരൻ, നസീർ, അരുണാചലം)

5. അറിബി-മലയാളത്തിലെ ആദ്യത്തെ പദ്യകൃതി ഏത് ?

(സംക്രമണം, മത്സ്യം, മുഹ്‌യുദ്ദീൻ മാല, പീലിക്കണ്ണുകൾ)

6. ‘വാക്കുകളുടെയും അർത്ഥത്തിന്റെയും നൃത്തമാണ് കവിത’ എന്ന് പറഞ്ഞ എഴുത്തുകാരൻ ആര് ?

(എം.എൻ. വിജയൻ, മുണ്ടശ്ശേരി, ഒ. എൻ.വി. അക്കിത്തം)

7. “ഇനിയും സൗകര്യംപോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ” – ഈ വാക്യം ബഷീറിന്റെ ഏത് കൃതിയിലേതാണ് ?

(പ്രേമലേഖനം, അനർഘനിമിഷം, ബാല്യകാലസഖി, ശബ്ദങ്ങൾ)

8. 'ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പ് ' കാണുമെന്ന് വൈലോപ്പിള്ളി പ്രതീക്ഷിക്കുന്നത് എവിടെയാണ് ?

(നാട്ടിൻപുറത്ത്, അങ്ങാടിയിൽ, കാട്ടിൽ, താഴ്‌വരയിൽ)

9. ചേരുംപടി ചേർത്തെഴുതുക : **(4 × 1 = 4)**

| എ | ബി |
|---|---|
| കൈപ്പാട് | വിജയ കൃഷ്ണൻ |
| കളവുപോയ സൈക്കിളും കഴിഞ്ഞുപോയ കാലഘട്ടവും | ഒ.കെ. ജോണി |
| കേൾക്കുന്നുണ്ടോ | ബാബു കാമ്പ്രത്ത് |
| സിനിമയും സമൂഹവും | ഗീതുമോഹൻ ദാസ് |

10. ചുവടെ കൊടുത്തിരിക്കുന്ന പ്രയോഗങ്ങൾ ഏത് കവിതയിലേതാണെന്ന് കണ്ടെത്തി പട്ടിക ക്രമീകരിക്കുക : **(2 × 2 = 4)**

- കൃഷ്ണകാന്തങ്ങൾ
- വലക്കണ്ണികൾ
- ചിദംബര സന്ധ്യകൾ
- ഉപ്പുവയലുകൾ

| <u>സന്ദർശനം</u> | <u>മത്സ്യം</u> |
|---|---|
| • | • |
| • | • |

11. പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും ചില വാക്കുകൾ ചുവടെ കൊടുക്കുന്നു. അവ ഏത് പാഠത്തിലേതാണെന്ന് കണ്ടെത്തി എഴുതുക. **(3 × 2 = 6)**

| | |
|---|---|
| ഓണവില്ല് | നരഭുക്കാം കടുവ |
| ദീവട്ടിക്കൊള്ള | കണ്ടിക്കഞ്ചേല |
| നാറത്തേപ്പ് | തെളിനായാട്ട് |

| വാസനാ വികൃതി | സംക്രമണം | പീലിക്കണ്ണുകൾ |
|---|---|---|
| • | • | • |
| • | • | • |

12. നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4 × 1 = 4)**

ഹിന്ദി ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യൻ ഭാഷകളിലെയും ജന പ്രിയ സിനിമകളിലെ മുഖ്യ പ്രതിപാദ്യം ഇന്നും 'കുടുംബ' മാണ്. പ്രേക്ഷകരിൽ വേരുറച്ചുപോയ കുടുംബ-ദാമ്പത്യ സങ്കല്പങ്ങളെ ഇളക്കുന്നത് വ്യാപാര വിജയത്തിന് വിഘാതമാവുമെന്ന ലളിതമായ തിരിച്ചറിവാണ് ഇത്തരം 'ഫാമിലി മെലോഡ്രാമകൾ' സ്ഥിരം പാറ്റേണുകളിൽ ആവർത്തിക്കപ്പെടാൻ കാരണം. പലതരം പ്രതിസന്ധികളിലൂടെ കുടുംബത്തിനുണ്ടാകുന്ന തകർച്ചയാണ് ഇതിവൃത്തത്തിലെ ഓരോ നാടകീയ സന്ദർഭത്തിനും അടിസ്ഥാനം. നിർവഹണ ഘട്ടമെത്തുമ്പോഴേക്കും പ്രതിസന്ധികളെല്ലാം പരിഹൃതമായില്ലെങ്കിൽ അതിനകം നായകനുമായി താദാത്മ്യം പ്രാപിച്ചു കഴിഞ്ഞ പ്രേക്ഷകർ നിരാശരാവും. അതുകൊണ്ട് കുടുംബം, ദാമ്പത്യം തുടങ്ങിയവയെ സംബന്ധിച്ച പതിവ് ഫോർമുലയിൽ നിന്ന് ഇവ വ്യതിചലിക്കാറില്ല. നന്മയ്ക്ക് വേണ്ടി നിലകൊള്ളുക മൂലം പലവിധ സഹനങ്ങളും പരാജയങ്ങളും ഏറ്റുവാങ്ങി ഒടുവിൽ അവയെ അതിജീവിക്കുന്ന നായക കഥാപാത്രങ്ങളെയാണ് ഇത്തരം സിനിമകളിൽ നാം കാണുന്നത്.

(1) എല്ലാ ഇന്ത്യൻ ഭാഷകളിലെയും ജനപ്രിയ സിനിമകളിലെ മുഖ്യ പ്രതിപാദ്യം എന്താണ് ?

(2) 'വ്യാപാരവിജയത്തിന് വിഘാതമാവുമെന്ന ലളിതമായ തിരിച്ചറിവ് ' എന്ന് ലേഖകൻ സൂചിപ്പിക്കുന്നതെന്ത് ?

(3) ഈ പ്രിയ സിനിമകളുടെ ഇതിവൃത്തത്തിലെ നാടകീയ സന്ദർഭത്തിന് അടിസ്ഥാനം എന്ത് ?

(4) പ്രേക്ഷകർ നിരാശരാവുന്നത് എപ്പോൾ ?

**13 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(4 × 4 = 16)**

13. വേരുകളെക്കുറിച്ചുള്ള അന്വേഷണം മനുഷ്യന്റെ പ്രകൃതിബോധത്തിന്റെ വേരുകൾ തേടിയുള്ള യാത്രയായി മാറുന്നുണ്ടോ ? 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി നിങ്ങളുടെ നിഗമനങ്ങൾ കുറിക്കുക.

14. മനുഷ്യ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള എന്തൊക്കെ സൂചനകളാണ് 'മത്സ്യം' എന്ന കവിതയിലുള്ളത് ?

15. 'കായലരികത്ത്' എന്ന ചലച്ചിത്രഗാനത്തിന്റെ സവിശേഷതകൾ കണ്ടെത്തി കുറിക്കുക.

16. 'ശബ്ദങ്ങളാണ് ഹസ്നയുടെ ലോകത്തെ സജീവമാക്കുന്നത് ' – 'കേൾക്കുന്നുണ്ടോ' എന്ന ഹ്രസ്വചിത്രത്തെ അടിസ്ഥാനപ്പെടുത്തി ഈ അഭിപ്രായം വിലയിരുത്തുക.

17. 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്തിൽ തെളിയുന്ന കൃഷ്ണന്റെ ബാല്യകാലസ്മരണകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

18. "വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു." – (ലാത്തിയും വെടിയുണ്ടയും) – സന്ദർഭം എഴുതി വിശദീകരണകുറിപ്പ് തയ്യാറാക്കുക.

19. അമ്മയും മകനും തമ്മിലുള്ള ഹൃദയബന്ധത്തിന്റെ പ്രകാശം പരത്തുന്ന കഥയാണ് 'ശസ്ത്രക്രിയ' – പാഠഭാഗം പരിശോധിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

20. താഴെ കൊടുത്തിരിക്കുന്ന പത്രവാർത്തയ്ക്ക് ഉചിതമായ തലക്കെട്ട് നൽകി സംഗ്രഹിക്കുക. **6**

**കൊല്ലം :**

സമത്വവും സമാധാനവും എന്ന മുദ്രാവാക്യത്തോടെ അന്താരാഷ്ട്ര വനിതാ ദിനാചരണം തുടങ്ങിയിട്ട് നൂറ്റാണ്ട് പിന്നിട്ടെങ്കിലും ലക്ഷ്യപ്രാപ്തി അകന്നുപോവുക തന്നെയാണ്. യുദ്ധവും വംശീയ സംഘർഷങ്ങളും മഹാമാരിയും സ്ത്രീകളെ പിന്നെയും പിന്നെയും പിറകോട്ട് തള്ളുകയാണ്. വർത്തമാന കാലത്തെ ലിംഗസമത്വമാണ് സുസ്ഥിര നാളേയ്ക്കുള്ള ഉറപ്പ് എന്ന പ്രമേയമാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനത്തിൽ ഐക്യരാഷ്ട്ര സഭ മുന്നോട്ട് വയ്ക്കുന്നത്. വൻകിട വികസിത രാജ്യങ്ങളിൽപ്പോലും ഭരണ രംഗങ്ങളിൽ സ്ത്രീകൾക്ക് ജനസംഖ്യയ്ക്ക് ആനുപാതികമായ പ്രാതിനിധ്യമില്ലെന്നത് തുല്യത എന്നത് കേവലം സങ്കല്പമാക്കുകയാണ്. ജനസംഖ്യയിൽ പകുതിയിലേറെയുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം നാലിലൊന്നോളമേയുള്ളു വെന്നതാണ് തുല്യതയ്ക്കുള്ള തടസ്സങ്ങളിൽ പ്രധാനം.

**21 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)** **$(3 \times 6 = 18)$**

21. 'സ്വാതന്ത്ര്യം' എന്ന ആശയം 'ഓർമയുടെ ഞരമ്പ്' എന്ന കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്നതെങ്ങനെ ? പാഠഭാഗം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

22. 'അതിജീവനത്തിന്റെ പാഠമാണ് 'മത്സ്യം' എന്ന കവിത പകർന്നു തരുന്നത്.' – ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പാഠഭാഗം അപഗ്രഥിച്ച് കുറിച്ച് തയ്യാറാക്കുക.

23. 'കൈപ്പാട് ' എന്ന ഡോക്യുമെന്ററി പ്രകൃതിയേയും മനുഷ്യനെയും സംബന്ധിച്ച എന്തെല്ലാം കാഴ്ചപ്പാടുകളാണ് പങ്കിടുന്നത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

24. ‘നീയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവശേഷിക്കാൻ പോകയാണ്. നീ മാത്രം’ (അനർഘനിമിഷം) – മനുഷ്യജീവിതത്തെക്കുറിച്ചുള്ള എന്ത് ദർശനമാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത് ? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

25. ‘ലാത്തിയും വെടിയുണ്ടയും’ എന്ന പാഠഭാഗത്തെ മിസ്സിസ് തങ്കം നായർ എന്ന കഥാപാത്രത്തിന്റെ സ്വഭാവ നിരൂപണം തയ്യാറാക്കുക.

26. ‘അരുളുള്ളവനാണ് ജീവി’ എന്ന് പറയുന്നതിന്റെ പൊരുൾ എന്താണ് ? ‘അനുകമ്പാദശകം’ എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം)** **(2 × 8 = 16)**

27. ‘സന്ദർശനം’ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

28. “സൈക്കിൾ മോഷ്ടാക്കളിൽ മറ്റെന്തിനെക്കാളും പ്രധാനമായിരിക്കുന്നത് പ്രത്യാശയാണ്.” – ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം ഉപന്യാസ രൂപത്തിൽ എഴുതുക.

29. വാർദ്ധക്യത്തിലും നിറം മങ്ങാത്ത ദാമ്പത്യത്തിന്റെ മനോഹര ചിത്രമാണ് ‘ഊഞ്ഞാലിൽ’ എന്ന കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. വിശദമാക്കുക.

---